**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ്- പാറക്കടവ് ബ്ലോക്ക് പഞ്ചായത്ത് 2003-04 മുതൽ 2007-08 വരെ നടപ്പിലാക്കിയ ബ്ലോക്ക് പഞ്ചായത്തിന്റെ ചുമതലകളിൽ പെടാത്തതായ 7 പ്രോജക്ടുകൾക്ക് സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

==========================================================================

തദ്ദേശസ്വയംഭരണ (ഡി.ഡി) വകുപ്പ്

സ.ഉ.(സാധാ).2016/13/തസ്വഭവ തീയതി, തിരുവനന്തപുരം, 01.08.2013

==========================================================================

പരാമർശം:- 1. ഗ്രാമവികസന കമ്മീഷണറുടെ 17.06.2013-ലെ 10818/ഡിപി4/13/സിആർഡി നമ്പർ കത്ത്.

2. 17.07.2013-ലെ 3.8-ാം നമ്പർ കോർഡിനേഷൻ കമ്മിറ്റി തീരുമാനം.

**<u>ഉത്തരവ്</u>**

പാറക്കടവ് ബ്ലോക്ക് പഞ്ചായത്ത് 2003-04, 2007-08 എന്നീ വർഷങ്ങളിൽ നടപ്പിലാക്കിയ ബ്ലോക്ക് പഞ്ചായത്തിന്റെ ചുമതലകളിൽപെടാത്ത 7 പ്രോജക്ടുകൾ സംബന്ധിച്ച് അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) ന്റെ തടസ്സം നിലനിൽക്കുന്നതിനാൽ ഭാവിയിൽ ഇത്തരം പ്രവൃത്തികൾ ഏറ്റെടുക്കാൻ പാടില്ലായെന്ന നിബന്ധനയിൽ മേൽ പ്രോജക്ടുകൾക്ക്, സർക്കാർ സാധൂകരണം നൽകണമെന്ന് ഗ്രാമവികസന കമ്മീഷണർ പരാമർശം (1) പ്രകാരം ശുപാർശ ചെയ്തിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പരാമർശം (2) തീരുമാന പ്രകാരം ഭാവിയിൽ ഇത്തരം പ്രവൃത്തികൾ ഏറ്റെടുക്കാൻ പാടില്ലായെന്ന നിബന്ധനയിൽ പാറക്കടവ് ബ്ലോക്ക് പഞ്ചായത്ത് നടപ്പിലാക്കിയ ബ്ലോക്ക് പഞ്ചായത്തിന്റെ ചുമതലയിൽപെടാത്ത 2003-04-ലെ വൈദ്യുതി ലൈൻ നീട്ടൽ, 2007-08-ലെ കുളവൻ കുന്ന് എസ്.സി.കോളനി ലൈൻ നീട്ടൽ, 2007-08-ലെ വാപ്പൻകോട് എസ്.സി.കോളനി വൈദ്യുതി ലൈൻ നീട്ടൽ, 2003-04 എസ്.സി.കോളനികളിൽ കുടിവെള്ള പൈപ്പ് ലൈൻ നീട്ടൽ, 2007-08-ലെ വെങ്ങോലും കുത്ത് എസ്.സി.കോളനിയിലെ കേടായ പൈപ്പ് ലൈൻ മാറ്റി സ്ഥാപിക്കൽ, 2007-08-ലെ വേക്കാട് ഈസ്റ്റ് എസ്.സി.കോളനിയിലേക്ക് കുടിവെള്ള ലൈൻ നീട്ടി പൈപ്പ് കണക്ഷൻ നൽകൽ,

2007-08-ലെ കുളവൻ കുത്ത് തേറോട്ടിക്കുന്ന് പട്ടികജാതി കോളനിയിലെ വീടുകൾക്ക് കുടിവെള്ള പൈപ്പുകണക്ഷൻ എന്നീ 7 പ്രോജക്ടുകൾക്ക് സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,

കെ.പി.ചന്ദ്രപ്രകാശ്,

അഡീഷണൽ സെക്രട്ടറി

To

1. ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം.
2. സെക്രട്ടറി, ബ്ലോക്ക് പഞ്ചായത്ത്, പാറക്കടവ്
3. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), തിരുവനന്തപുരം
4. അക്കൗണ്ടന്റ് ജനറൽ (എ&ഇ), തിരുവനന്തപുരം
5. ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
6. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ